# ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

## CLASS 7 (HALF YEARLY 2023)

**1) താഴെപ്പറയുന്നവരിൽ യിസ്രായേലിലെ ഒരു ന്യായാധിപൻ അല്ലാത്ത വ്യക്തി ആരാണ്?**

**A) അഹറോൻ**
B) ഏഹൂദ്
C) യായീർ
D) യിപ്താഹ്

**2) താഴെപ്പറയുന്നവയിൽ ദെബോരയെ സംബന്ധിക്കുന്ന ശരിയായ പരാമർശങ്ങൾ ഏതെല്ലാമാണ്?**

**A) ഇവയെല്ലാം ശരിയാണ്.**
B) യിസ്രായേലിൽ ന്യായാധിപതിയായ ഏക സ്ത്രീ.
C) അവളുടെ ഭർത്താവിന്റെ പേര് ലപ്പീദോത്ത് എന്നാണ്.
D) അവൾ പ്രവാചകയും ന്യായപാലകയും എന്ന നിലയിൽ അറിയപ്പെട്ടു.

**3) അമോന്യരുമായുള്ള യുദ്ധത്തിന്റെ സന്ദർഭത്തിൽ ഒരു നേർച്ച നേർന്ന യിസ്രായേലിലെ ന്യായാധിപൻ ആരാണ്?**

**A) യിപ്താഹ്**
B) ഏലോൻ
C) ശിംശോൻ
D) മോശ

**4) ശമുവേൽ എന്ന പേരിന്റെ അർത്ഥം എന്താണ്?**

**A) ദൈവം കേട്ടു.**
B) ദൈവം ഇവിടെയുണ്ട്.
C) ദൈവം കരുണയുള്ളവൻ.
D) പ്രാർത്ഥനയുടെ പുത്രൻ.

**5) ഏലി പുരോഹിതന്റെ മരണത്തിന് ഇടയാക്കിയ സന്ദർഭം ഏതാണ്?**

**A) ഫെലിസ്ത്യർ യഹോവയുടെ പെട്ടകം കൈവശപ്പെടുത്തിയത്.**
B) ശമുവേലിന്റെ മരണം.
C) ഫെലിസ്ത്യരുമായിട്ടുള്ള സമാധാന ഉടമ്പടി.
D) ഇവയെല്ലാം.

**6) ശമുവേൽ പ്രവാചകന്റെ പഠിപ്പിക്കലിൽ പ്രധാനപ്പെട്ടത് ഏതാണ്?**

**A) വിഗ്രഹാരാധനയിൽ നിന്നും അകലുക.**
B) യഹൂദന്മാരോട് പോരാടുക.
C) ദൈവത്തെ അനുസരിക്കുന്നതിൽ ലാഘവത്വം ഉണ്ടാവുക.
D) യെരുശലേം ദേവാലയത്തിന്റെ പുനർനിർമ്മാണത്തിനായി കാത്തിരിക്കുക.

**7) യിസ്രായേലിന്റെ ഭരണത്തിലേക്ക് രാജാക്കന്മാർ കടന്നു വരുവാൻ ഉള്ള പശ്ചാത്തലം ഏതാണ്?**

**i. അനേകം ശത്രുക്കളെയും പലതരത്തിലുള്ള പ്രയാസങ്ങളും നേരിടുന്നു.**

**ii. ശക്തമായ നേതൃത്വം ഇല്ല.**
**iii. മോശ വൃദ്ധനായി.**
**A) i, ii**
B) i, ii, iii
C) ii, iii
D) i, iii

**8) ശൗലിനെ രാജഭരണത്തിൽ നിന്നും പുറംതള്ളാനുള്ള കാരണം എന്താണ്?**
**A) ദൈവ ഇഷ്ടത്തിന് വിരുദ്ധമായി പ്രവർത്തിച്ചു.**
B) ശമുവേലിനെ വധിച്ചു.
C) അന്യദൈവങ്ങൾക്ക് ബലിപീഠങ്ങൾ പണിതു.
D) ഇവയെല്ലാം ശരിയാണ്.

**9) ദാവീദ് കൊന്ന ഫെലിസ്ത്യ മല്ലൻ ആരാണ്?**
**A) ഗോലിയാത്ത്**
B) ഗിലയാദ്
C) ഗില്ലോൺ
D) ഗാലേദ്

**10) ദാവീദുമായി ബന്ധപ്പെട്ട ശരിയായ പരാമർശം തെരഞ്ഞെടുക്കുക.**
**A) ഇവയെല്ലാം ശരിയാണ്.**
B) യിശ്ശായിയുടെ പുത്രൻ.
C) ശമുവേൽ പ്രവാചകൻ അഭിഷേകം ചെയ്തു.
D) കൊട്ടാരത്തിലെ കിന്നരം വായനക്കാരനായി നിയമിക്കപ്പെട്ടു.

**11) 51-ാം സങ്കീർത്തനത്തിന്റെ രചനയുടെ പശ്ചാത്തലം ഏതാണ്?**
**A) ഊരിയാവിന്റെ വധം.**
B) ഈജിപ്റ്റുകാരുടെ പരാജയം.
C) ശലോമോൻ രാജാവിന്റെ അനുതാപം.
D) അബ്ശാലോമിന്റെ മരണം.

**12) ദൈവത്തിന്റെ പെട്ടകം യെരുശലേമിലേക്ക് കൊണ്ടുവന്ന യിസ്രയേലിന്റെ രാജാവ് ആരാണ്?**
**A) ദാവീദ്**
B) ശലോമോൻ
C) ശൗൽ
D) ആഹാബ്

**13) ശലോമോന്റെ രാജസ്ഥാനത്തിനുള്ള സാധ്യത വർദ്ധിപ്പിച്ച സംഭവം ഏതാണ്?**
**A) അബ്ശാലോമിന്റെ അനുസരണക്കേടും മരണവും.**
B) യെരുശലേമിന്റെ പിടിച്ചടക്കൽ.
C) യെരുശലേം ദേവാലയത്തിന്റെ നിർമ്മാണം.
D) ഇവയെല്ലാം ശരിയാണ്.

**14) ശലോമോനെ യിസ്രായേലിന്റെ രാജാവായി അഭിഷേകം ചെയ്ത പുരോഹിതൻ ആരാണ്?**
**A) സാദോക്ക്**

B) ശമുവേൽ
C) ഏലി
D) നാഥാൻ

**15) ശലോമോന്റെ ഭരണത്തിലെ ഏറ്റവും അന്ധകാരം നിറഞ്ഞ സാഹചര്യം ഏതാണ്?**
<u>**A) സത്യവിശ്വാസത്തിൽ നിന്നും ധാർമികതയിൽ നിന്നും അകന്നു.**</u>
B) ശത്രുക്കളെ പരാജയപ്പെടുത്തി.
C) ദാവീദിനെയും മക്കളെയും വധിച്ചു.
D) ഇവയൊന്നുമല്ല.

**16) താഴെ തന്നിരിക്കുന്ന ഗീതം പൂർത്തീകരിക്കുക.**
**കർത്താവെ ........ ചെയ്യണമേ**
**കൈകൊണ്ടടിയാരുടെ കർമ്മം**
**.................. നിൻ**
**അറയീന്നലിവുമനുഗ്രഹവും**
<u>**A) കൃപ, പൊറുതിയയച്ചരുളേണമേ**</u>
B) കൃപ, നൽകണമേ
C) ദയ, നൽകണമേ
D) ക്ഷമ, ചൊരിയണമേ

**17) താഴെ തന്നിരിക്കുന്ന ഗീതം പൂർത്തീകരിക്കുക.**
**സ്വച്ഛന്ദമുറങ്ങുന്നേരം**
**................. ദുഷ്ടന്മാരും**
**എന്നെ വന്ന് ഭരിക്കായ്‌വാൻ**
**ഈ ................. കാക്കണമെന്നെ**
<u>**A) ദുശ്ചിന്തകൾ, രാവിൽ**</u>
B) പാപികളും, നേരം
C) ശുദ്ധന്മാരും, നേരം
D) പാപികളും, രാവിൽ

**18) താഴെ തന്നിരിക്കുന്ന ഗീതം പൂർത്തീകരിക്കുക.**
**വെളിവാം മിശിഹാ രക്ഷക നീ**
**വെളിവിൽ തന്നെ ............**
**വെളിവിന് പുത്രന്മാർ നിന്നെ**
**ത്തന്നെ ................**
<u>**A) നിൻ വാസം, വന്ദിച്ചീടുന്നു**</u>
B) കേൾക്കുന്നു, നോക്കുന്നു
C) പറയുന്നു , കേൾക്കുന്നു
D) കേൾക്കുന്നു, വന്ദിച്ചീടുന്നു.

**19) സങ്കീർത്തന ഭാഗം പൂർത്തിയാക്കുക. 'നിന്റെ നീതിയുള്ള വിധികൾ നിമിത്തം ഞാൻ ദിവസം ............... പ്രാവശ്യം നിന്നെ സ്തുതിക്കുന്നു'.**
<u>**A) ഏഴ്**</u>
B) മൂന്ന്
C) രണ്ട്
D) അനവധി

**20) 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്നെ വിളിക്കുന്ന...' എന്ന് ആരംഭിക്കുന്ന പ്രാർത്ഥനയുടെ നൽകിയിരിക്കുന്ന ഭാഗം പൂർത്തിയാക്കുക. തിരുവുള്ളത്താൽ ...................... ഞങ്ങളെ നീ സൃഷ്ടിച്ചു. ഞങ്ങൾ സൃഷ്ടിക്കപ്പെട്ടതിന്റെ ശേഷം നിന്റെ ..................... ഞങ്ങളെ നശിപ്പിച്ചു കളയരുതേ'**

**<u>A) ഇല്ലായ്മയിൽ നിന്ന്, കോപം</u>**

B) സ്നേഹത്താൽ, സ്നേഹം

C) സഭയിൽ, ശക്തി

D) ആദിയിൽ, ദൂതന്മാർ

**21) 'ഞങ്ങൾക്കുള്ള കർത്താവേ ...'എന്ന ഗീതം രചിച്ചത് ആരാണ്?**

**<u>A) മാർ അപ്രേം</u>**

B) മാർ ബാലായി

C) മാർ ഗ്രീഗോറിയോസ്

D) ഇവരാരും അല്ല.

**22) കുക്കിലിയോനുകൾ ആരംഭിക്കുന്നത് എങ്ങനെയാണ്?**

**<u>A) സങ്കീർത്തന ഭാഗം ആലപിക്കുന്നു.</u>**

B) കോലോകൾ ആലപിക്കുന്നു.

C) ബോവൂസോകൾ ആലപിക്കുന്നു.

D) സുവിശേഷ ഭാഗം ആലപിക്കുന്നു.

**23) എക്ബോ എന്ന വാക്കിന്റെ അർത്ഥം എന്താണ്?**

**<u>A) പടി</u>**

B) ഗദ്യം

C) കൃപ

D) തുടക്കം

**24) തന്നിരിക്കുന്ന ഗീതം പൂർത്തിയാക്കുക.**
**ക്രോബേസ്രാപ്പികൾ തൻ സവിധം വിട്ടവതരണം,**
**ചെയ്താകന്യക തന്നുദരേ ................... ,**
**ആദാമ്യരെ .................. മൃതിയിവതന്നടിമയിൽ**
**നിന്നേറ്റിടുവാൻ മെയ്യേന്തിയ വീരാ സ്തോത്രം**

**<u>A) വാണോനെ, സാത്താൻ</u>**

B) വന്നോനെ, ലോകം

C) വന്നവനെ, ഹൃദയം

D) ഇവയൊന്നുമല്ല

**25) നമ്മുടെ സഭയുടെ മാർത്തോമൻ പൈതൃകത്തിന്റെ ഭാഗമായ ക്രിസ്തീയ കലാരൂപം ഏതാണ്?**

**<u>A) മാർഗംകളി</u>**

B) കഥകളി

C) ഭരതനാട്യം

D) ഇവയെല്ലാം

**26) ആരാണ് റമ്പാൻ പാട്ട് പുതുക്കി എഴുതിയത്?**

**<u>A) തോമ്മ റമ്പാൻ</u>**

B) മാർ ഗ്രിഗോറിയോസ്

C) ക്നായി തോമ
D) മാർ ബസേലിയോസ്

**27) മാർത്തോമാ ശ്ലീഹായുടെ ഭാരതത്തിലേക്കുള്ള വരവും അദ്ദേഹത്തിന്റെ സുവിശേഷ പ്രചരണവും വിവരിക്കുന്ന ക്രിസ്തീയ പാട്ട് ഏതാണ്?**
**A) തോമ്മാ പർവ്വം**
B) കനായി പർവ്വം
C) വില്ലു പാട്ട്
D) അരുൾഗീതം

**28) സ്തൌമൻ കാലോസ് എന്ന വാക്കിന്റെ അർത്ഥം എന്താണ്?**
**A) നാം നല്ലവണ്ണം നിൽക്കണം.**
B) ഞങ്ങൾ സ്തുതിക്കുന്നു.
C) നമുക്ക് തുടങ്ങാം.
D) നമുക്ക് സമാധാനം നൽകാം.

**29) വിശുദ്ധ കുർബാനയുടെ പരസ്യശുശ്രൂഷയുടെ പ്രാരംഭഭാഗം അറിയപ്പെടുന്നത് എങ്ങനെയാണ്?**
**A) വചന ശുശ്രൂഷ**
B) ഹൂസോയോ
C) പുരോഹിതന്മാരുടെ ശുശ്രൂഷ.
D) കാസായുടെയും പീലാസായുടെയും തുറക്കൽ.

**30) പ്രൊമിയോനെ സംബന്ധിക്കുന്ന ശരിയായ പരാമർശങ്ങൾ തിരഞ്ഞെടുക്കുക.**
**i. പ്രൊമിയോൻ എന്ന വാക്കിന്റെ അർത്ഥം ആമുഖം എന്നാണ്.**
**ii. അതതു ദിവസത്തിന്റെയും ആരാധനയുടെയും സാംഗത്യം ചുരുക്കമായി ഇതിൽ വിവരിക്കുന്നു.**
**A) i, ii**
B) i
C) ii
D) ഇവയൊന്നുമല്ല.

**31) ക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ രക്ഷാകര പദ്ധതിയെപ്പറ്റി ചുരുക്കമായി പ്രതിപാദിക്കുന്ന പ്രാർത്ഥനകൾ ഏതാണ്?**
**A) സെദറ**
B) ഹൂസോയോ
C) കോലോ
D) ഹാശാ

**32) മാനസികവും ശാരീരികവുമായ ആരോഗ്യം വീണ്ടെടുക്കുവാൻ സന്യാസ പിതാക്കന്മാരെ സഹായിച്ചത് എന്താണ്?**
**A) ഉപവാസം**
B) ദാനധർമ്മം
C) മരണം
D) ഇവയെല്ലാം.

**33) താഴെപ്പറയുന്നവരിൽ ആരെല്ലാമാണ് ഉപവസിച്ചതായി വിശുദ്ധ**

**വേദപുസ്തകത്തിൽ പരാമർശിക്കുന്നത്?**
**A) ഇവരെല്ലാവരും**
B) യേശുക്രിസ്തു
C) ഏലിയാവ്
D) മോശ

**34) അനുഷ്ഠിക്കണമെന്ന് സഭ പഠിപ്പിച്ചിട്ടുള്ള നോമ്പുകൾ അറിയപ്പെടുന്നത് എങ്ങനെയാണ്?**
**A) കാനോനിക നോമ്പ്**
B) പ്രാരംഭ നോമ്പ്
C) നിരന്തര നോമ്പ്
D) വിശ്വാസികളുടെ നോമ്പ്

**35) ജൂൺ മാസത്തിൽ നോക്കുന്ന നോമ്പിൽ ആരെയാണ് പ്രത്യേകമായി സ്മരിക്കുന്നത്?**
**A) അപ്പോസ്തോലന്മാർ**
B) വിശുദ്ധ കന്യകമറിയാം
C) പ്രവാചകന്മാർ
D) യോനാ

**36) ഓഗസ്റ്റ് ഒന്നിന് ആരംഭിക്കുന്ന നോമ്പ് ആരുടെ നാമത്തിലാണ് ആചരിക്കുന്നത്?**
**A) വി. കന്യകമറിയം**
B) വി. ഗീവർഗീസ് സഹദാ
C) വി. തോമാശ്ലീഹാ
D) വി. ഗ്രിഗോറിയോസ്

**37) താഴെപ്പറയുന്നവയിൽ വലിയ മാർ ബസേലിയോസിനെ സംബന്ധിക്കുന്ന ശരിയായ പരാമർശം ഏതാണ്?**
**A) ഏകാന്തവാസികളായ സന്യാസികളെ ഒരുമിപ്പിച്ച് സമൂഹമാക്കി.**
B) ഗ്രീസിൽ ജനിച്ചു.
C) വിജാതീയ കുടുംബത്തിൽ നിന്നും വന്നു.
D) കാർത്തേജിൽ നിന്നും ഉന്നത വിദ്യാഭ്യാസം നേടി.

**38) വലിയ മാർ ബസേലിയോസിന്റെ സഹോദരി ആരാണ്?**
**A) മക്രീന**
B) ഹെലനി
C) ജൊഹാന
D) ഇവരാരുമല്ല.

**39) താഴെപ്പറയുന്നവയിൽ ആരോഗ്യത്തിന് സഹായിക്കുന്നത് ഏതാണ്?**
**A) സമാധാന മനസ്സ്**
B) വ്യായാമരാഹിത്യം
C) മാനസിക സംഘർഷം
D) മലിനീകരണം

**40) ശരീരത്തിനും മനസ്സിനും ആത്മാവിനും സമ്പൂർണ്ണ ആരോഗ്യം പ്രധാനം ചെയ്യുന്ന ഒരു ആത്മീയ വ്യായാമം ഏതാണ്?**

**A) കുമ്പിട്ടുള്ള പ്രാർത്ഥന**
B) പരിസ്ഥിതി
C) മരുന്നുകൾ
D) ലൗകികത

**41) തെരഞ്ഞെടുക്കപ്പെടുന്നവരിൽ തിന്മകൾ കാണുമ്പോൾ ദൈവം അവരെ ശിക്ഷിക്കുന്നു. ഇപ്രകാരം ദൈവം ശിക്ഷിച്ച ഒരു ന്യായാധിപൻ ആരാണ്?**
**A) ശിംശോൻ**
B) ശമുവേൽ
C) ശലോമോൻ
D) യിപ്തഹ്

**42) ദാവീദ് രാജാവിന്റെ സ്വദേശം ഏതാണ്?**
**A) ബേത്‌ലഹേം**
B) കൊരിന്ത്
C) യറുശലേം
D) ശമര്യ

**43) 1 ശമുവേൽ 13-ാം അധ്യായത്തിൽ ശൗൽ രാജാവിന്റെ ജീവിതത്തിലെ ഏത് സന്ദർഭം ആണ് വിവരിക്കുന്നത്?**
**A) യാഗം കഴിക്കുന്നതിൽ പിഴവുണ്ടായി.**
B) രാജാവായി തെരഞ്ഞെടുക്കപ്പെട്ടു.
C) ഏലിയുടെ കുടുംബത്തെ തോല്പിച്ചു.
D) ദേവാലയം നിർമ്മിക്കാൻ ആരംഭിച്ചു.

**44) കൊട്ടാരത്തിലെ കിന്നരം വായനക്കാരനായി നിയമിതനായ രാജാവ് ആരാണ്?**
**A) ദാവീദ്**
B) ശൗൽ
C) ശലോമോൻ
D) അഹിദോഫേൽ

**45) കർത്താവേ കൃപ ചെയ്യണമെ ... എന്നു തുടങ്ങുന്ന മെമ്രാ നമ്മൾ പ്രാർത്ഥിക്കുന്നത് എപ്പോൾ?**
**A) സൂത്താറാ**
B) മൂന്നാം മണി
C) ആറാം മണി
D) പ്രഭാതം

**46) 'മെൻ ഓലം വാദാ മൊല് ഓലാം ഒൽമീൻ' എന്ന പ്രതിവാക്യത്തിന്റെ അർത്ഥം എന്താണ്?**
**A) ആദി മുതൽ എന്നേക്കും തന്നെ**
B) നമുക്ക് ആരംഭിക്കാം
C) ദൈവമേ നിനക്ക് നിത്യം സ്തുതി
D) പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും തന്നെ

**47) മാർത്തോമാ ശ്ലീഹായുടെ പ്രേഷിത പ്രവൃത്തിയെക്കുറിച്ചുള്ള ചരിത്രവസ്തുതകൾ നമുക്ക് അറിയാൻ കഴിയുന്നതെങ്ങനെ?**

**A) വാമൊഴി**
B) ശിലാലിഖിതങ്ങൾ
C) സ്ഥാപനങ്ങൾ
D) പതാകകൾ

**48) വിശുദ്ധ കുർബ്ബാനയിൽ പ്രൊമിയോനും സെദറായ്ക്കുമിടയിൽ ചൊല്ലുന്ന പ്രാർത്ഥന ഏതാണ്?**
**A) ഹൂസോയോ**
B) എക്ബോ
C) ഹൂത്തോമ്മോ
D) ഹസിയോനോ

**49) പരിശുദ്ധാത്മാവിനെപ്പറ്റി ശ്രദ്ധേയമായ പ്രബന്ധങ്ങൾ രചിച്ച സഭാപിതാവ് ആരാണ്?**
**A) വലിയ മാർ ബസേലിയോസ്**
B) അന്ത്യോഖ്യായിലെ വിശുദ്ധ ഇഗ്നാത്തിയോസ്
C) മാർ പക്കോമിയോസ്
D) മാർ ഔഗേൻ

**50) പൗരസ്ത്യ കാതോലിക്കാമാർ സ്വീകരിച്ച സ്ഥാനപ്പേര് ഏതാണ്?**
**A) ബസേലിയോസ്**
B) കൂറിലോസ്
C) സേവേറിയോസ്
D) അത്താനാസിയോസ്